Phone : 0487 2980339
E mail: crsmadakkathara@kau.in

# കേരള കാർഷിക സർവ്വകലാശാല

## കശുമാവ് ഗവേഷണ കേന്ദ്രം,മാടക്കത്തറ

സി.ആർ.എം (അക്കൗ)2419/2023 തിയ്യതി 15/12/2023

### കശുമാവ് വിളവെടുപ്പിനുള്ള ലേലം

ഈ കേന്ദ്രത്തിലെ പള്ളിക്കുന്ന് ബ്ളോക്കിലെ ഉദ്ദേശം 5.2 ഹെക്ടർ സ്ഥലത്തെ കശുമാവിൻ തോട്ടത്തിൽ നിന്നും കശുവണ്ടി വിളവെടുക്കുന്നതിനുള്ള അവകാശം മുദ്ര വച്ച ക്വട്ടേഷൻ/ പരസ്യ ലേലം വഴി നൽകുന്നതാണ്. മുദ്ര വച്ച ക്വട്ടേഷനുകൾ 23/12/2023 ഉച്ചകഴിഞ്ഞ് 2 മണി വരെ നിരതദ്രവ്യത്തോടൊപ്പം സ്വീകരിക്കും .ലേല സമയം 23/12/2023 ഉച്ചകഴിഞ്ഞ് 2.30 ന് വിശദവിവരങ്ങൾ പ്രവൃത്തി സമയത്ത് ഈ കേന്ദ്രത്തിൽ നിന്ന് ലഭിക്കും. (ഫോൺ 0487-2980339).

ഗവേഷണകേന്ദ്രം മാധാവി

**ഗവേഷണ കേന്ദ്രത്തിലെ പള്ളിക്കുന്ന് ബ്ളോക്കിലെ കശുമാവിൻ തോട്ടത്തിൽ നിന്നും 01/01/2024 മുതൽ (2024 മെയ് 31 വരെ) കശുവണ്ടി വിളവെടുക്കുന്നതിനുള്ള ക്വട്ടേഷൻ/ലേലം**

- കശുമാവ് വിളവെടുപ്പിനുള്ള അവകാശം നൽകുന്നതിന് മുദ്ര വച്ച ക്വട്ടേഷനും പരസ്യ ലേലവും ഉണ്ടായിരിക്കും.
- 23/12/2023 ഉച്ചകഴിഞ്ഞ് 2.[illegible] മണിവരെ മുദ്ര വച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്നതാണ്.കവറിനു പുറത്ത് “കശുമാവ് വിളവെടുപ്പിനുള്ള ക്വട്ടേഷൻ” എന്നും സമർപ്പിക്കുന്ന ആളുടെ പേരും മേൽവിലാസവും വ്യകതമായി എഴുതേണ്ടതാണ്.
- പള്ളിക്കുന്ന് ബ്ളോക്കിൽ പെടുന്ന മരങ്ങളുടെ വിവരങ്ങൾ അതാത് വ്യക്തികൾ ഗവേഷണകേന്ദ്രത്തിലെ ഫാം ഓഫീസുമായി ബന്ധപ്പെട്ട് നേരിട്ട് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്.
- ലേല സമയം 23/12/2023 ഉച്ചകഴിഞ്ഞ് 2.30 മണിക്ക്.

| ക്രമ നമ്പർ | ക്വട്ടേഷൻ/ലേലത്തിനുള്ള ബ്ളോക്ക് | ഏകദേശ വിസ്തൃതി(ഹെക്ടർ) | നിരതദ്രവ്യമായി കെട്ടിവെക്കേണ്ട തുക |
|---|---|---|---|
| | പള്ളിക്കുന്ന് ബ്ളോക്ക് | 5.2 | 1000 |

വ്യവസ്ഥകൾ

1. നിരതദ്രവ്യം കെട്ടിവെച്ചവരെ മാത്രമേ ലേലത്തിലും ക്വട്ടേഷനുകളിലും പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ
2. ലേലത്തിൽ പങ്കെടുക്കുന്നവർ പാൻ കാർഡും ,ആധാർ കാർഡിന്റെ ഒരു പകർപ്പും ഹാജരാക്കേണ്ടതാണ്.
3. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്നവർ ലേല ദിവസം തന്നെ വൈകീട്ട് 3.00 മണിക്കുള്ളിൽ ലേലതുകയുടെ 1/3 തുക ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. ബാക്കി തുക ലേലം ഉറപ്പിച്ച തിയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം അയാളുടെ പേരിലുള്ള ലേലം റദ്ദു ചെയ്യുന്നതും നിരതദ്രവ്യം കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ടിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും.
4. ലേലം കൊണ്ടയാൾ ലേലതുകയുടെ 5% സെക്യൂരിറ്റി തുകയായി 30/12/2023 നകം അടക്കേണ്ടതാണ്. ലേലം കൊണ്ടയാൾ 30/12/2023 ഉച്ചക്ക് 12 മണിക്കു മുമ്പ് തന്നെ 200 രൂപയുടെ മുദ്രപത്രത്തിൽ സർവ്വകലാശാലക്ക് ഒരു നഷ്ടോത്തരവാദിത്ത കരാർ എഴുതി സമർപ്പിക്കേണ്ടതാണ്.

5. നിരതദ്രവ്യവും സെക്യൂരിറ്റി തുകയും പണം/ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ഗവേഷണകേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്.
6. മുഴുവൻ ലേല തുകയും, സെക്യൂരിറ്റി തുകയും അടയ്ക്കുകയും നിശ്ചിതോത്തരവാദിത്ത കരാർ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ വിളവെടുക്കൽ ആരംഭിക്കാൻ അനുവദിക്കുകയുള്ളൂ.
7. ലേലം കൊണ്ടവർ 30/12/2023 ഉച്ചക്ക് 12 മണിക്ക് മുൻപായി മുഴുവൻ ലേല തുകയും ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.
8. ഏറ്റവും കൂടിയ തുകക്ക് ലേലം കൊണ്ടയാളുടെ,തൊട്ടടുത്ത് വരുന്ന ആളുടെ നിരതദ്രവ്യം ലേലം കൊണ്ടയാൾ 1/3 ലേല തുക അടച്ച ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
9. കശുവണ്ടി വിളവെടുക്കുന്ന സമയത്തോ തുടർന്നോ ലേലക്കാരൻ സർവ്വകലാശാലക്ക് എന്തെങ്കിലും നാശനഷ്ടം വരുത്തിയാൽ അത് ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.
10. വിളവെടുപ്പിനുള്ള അവകാശം 31/05/2024 വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
11. രാവിലെ 8 മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ വിളവെടുക്കുവാനും ഉൽപ്പന്നങ്ങൾ പുറത്തുകൊണ്ടുപോകുവാനും പാടുള്ളൂ. ഉൽപ്പന്നങ്ങൾ പുറത്തുകൊണ്ടുപോകേണ്ടത് അംഗീകൃത വഴികളിലൂടെ ,ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം. ഫാമിൽ നിലവിലുള്ള നിയമങ്ങൾ പാലിച്ചുവേണം വിളവെടുപ്പിനോടനുബന്ധിച്ചുള്ള എല്ലാ പ്രവർത്തികളും ചെയ്യേണ്ടത്.
12. ലേലക്കാരനും വിളവെടുപ്പിന് നിയോഗിക്കുന്ന എല്ലാ തൊഴിലാളികളും ഫാമിൽ നിന്നു നൽകുന്ന പാസുകൾ കൈവശം വച്ചിരിക്കേണ്ടതും, അധികാരപ്പെട്ടവർ പരിശോധനക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴിലാളികളുടെ എണ്ണം ഗവേഷണകേന്ദ്രം മേധവിയുടെ നിർദേശമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.
13. സ്വയം ലേലത്തിൽ പിടിക്കാത്ത ബ്ളോക്കുകളിൽ നിന്നും, ലേലക്കാരനോ അയാളുടെ തൊഴിലാളികളോ കശുവണ്ടി ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അയാളുടെ ലേലം റദ്ദുചെയ്യുന്നതും, സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതും ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
14. തോട്ടത്തിൽ നിന്നും സംഭരിക്കുന്ന കശുവണ്ടിയുടെ തൂക്കം അവ നീക്കം ചെയ്യുന്നതിന് മുൻപ് ഫാം ഓഫീസിൽ അറിയിക്കേണ്ടതാണ്.
15. ദിനം പ്രതി ശേഖരിക്കുന്ന കശുവണ്ടിയുട കണക്ക് കരാറുകാരൻ സൂക്ഷിക്കേണ്ടതും ഫാം ഓഫീസിൽ അറിയിക്കേണ്ടതുമാണ്.
16. ലേല നിബന്ധനകളിൽ എന്തെങ്കിലും വീഴ്ച്ച വരുത്തിയാൽ, ലേലം റദ്ദു ചെയ്യുന്നതിനോ നഷ്ടപരിഹാരം ഈടാക്കുന്നതിനോ മറ്റു യുക്തമായ നടപടികൾ എടുക്കുന്നതിനോ ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
17. സർക്കാർ ക്വട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ കരാറിന് ബാധകമായിരിക്കും.
18. യാതൊരു കാരണവും കാണിക്കാതെ ഈ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ/റദ്ദാക്കുന്നതിനോ ഉള്ള അധികാരം ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണകേന്ദ്രം,മാടക്കത്തറക്ക് ഉണ്ടായിരിക്കും.

ഗവേഷണകേന്ദ്രം മേധാവി

Assistant Professor & Head I/c
Cashew Research Station
Kerala Agricultural University
Madakkathara P.O., Thrissur-680 651

പകർപ്പ്

1. നോട്ടീസ് ബോർഡ്,
2. മാടക്കത്തറ പഞ്ചായത്ത് ഓഫീസ്,
3. കൃഷി ഭവൻ, മാടക്കത്തറ,
4. വില്ലേജ് ഓഫീസ്,
5. എസ്റ്റേറ്റ് ഓഫീസ്,
6. ഹോർച്ചിക്കൾച്ചർ കോളേജ്, വെള്ളാനിക്കര,
7. കാർഷിക ഗവേഷണകേന്ദ്രം,മണ്ണുത്തി,
8. സെൻട്രൽ നേഴ്സറി, വെള്ളാനിക്കര
9. കെ.എ.യു.വെബ്സൈറ്റ്